"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - ബഡ്ജറ്റ് പ്രവൃത്തി 2025-26 - കാസറഗോഡ് - മഞ്ചേശ്വരം നിയമസഭാ മണ്ഡലം - എൻമകജെ ഗ്രാമപഞ്ചായത്ത് - **പള്ളം ഒളമുഗരു റോഡ് നിർമ്മാണം (എൻമകജെ പഞ്ചായത്ത്)** എന്ന പ്രവൃത്തിയ്ക്ക് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡി.ബി.)വകുപ്പ്**

സ.ഉ.(സാധാ) നം.460/2026/LSGD തീയതി,തിരുവനന്തപുരം, 23-02-2026

---

പരാമർശം:- തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 29.12.2025-ലെ LSGD/PD/35816/2025-EW1-നമ്പർ കത്ത്

ഉത്തരവ്

2025-2026 വർഷത്തെ വിശദമായ ബഡ്ജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം II - വാല്യം II -ൽ ക്രമ നമ്പർ.2307 ആയി ഉൾപ്പെടുത്തിയിട്ടുള്ള കാസറഗോഡ് - മഞ്ചേശ്വരം നിയമസഭാ മണ്ഡലം എൻമകജെ ഗ്രാമപഞ്ചായത്ത് - **പള്ളം ഒളമുഗരു റോഡ് നിർമ്മാണം (എൻമകജെ പഞ്ചായത്ത്)** എന്ന പ്രവൃത്തിക്ക് 40 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിന്മേൽ ഭരണാനുമതി ലഭ്യമാക്കണമെന്ന് പരാമർശിത കത്തുപ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ അഭ്യർത്ഥിക്കുകയുണ്ടായി.

2) സർക്കാർ മേൽ വിഷയം വിശദമായി പരിശോധിച്ചു. 2025-2026 വർഷത്തെ വിശദമായ ബഡ്ജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം II - വാല്യം II -ൽ ക്രമ നമ്പർ.2307 ആയി 20% തുക വകയിരുത്തി ഉൾപ്പെടുത്തിയിരിക്കുന്ന "**പള്ളം ഒളമുഗർ റോഡ് നിർമ്മാണം (എൻമകജെ പഞ്ചായത്ത്)**" എന്ന പ്രവൃത്തിക്ക് 40 ലക്ഷം രൂപയുടെ (നാൽപ്പത് ലക്ഷം രൂപ മാത്രം ) ഭരണാനുമതി നൽകിയും, ടി പ്രവൃത്തിക്കാവശ്യമായ ചെലവ് "4515-00-800-92(NP)" എന്ന ശീർഷകത്തിൽ നിന്നും വഹിക്കുന്നതിന് അനുമതി നൽകിയും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ലീന എൻ പി

അഡിഷണൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം

ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ & ഇ /ഓഡിറ്റ്) കേരള, തിരുവനന്തപുരം

ധനകാര്യ വകുപ്പ്.(E:3387182/DEV-3/18/2026-FIN dated 11.02.2026) (AS/LGD/25/48933)

ചീഫ് മിഷൻ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ.

ഇൻഫർമേഷൻ ഓഫീസർ വെബ് & ന്യൂ മീഡിയ വിംഗ്, ഐ.പി.ആർ.ഡി. തിരുവനന്തപുരം

കരുതൽ ഫയൽ. (DB2/1/2026-LSGD)

ഉത്തരവിൻ പ്രകാരം

Signed by
Smitha. L
Date: 23-02-2026 12:39:39

സെക്ഷൻ ഓഫീസർ